# KERALA POLICE INFORMATION CENTRE

No.41/PR/PIC/PHQ/10 Date : 09/07/10

കേരളത്തിലെ റെയിൽവേ സുരക്ഷാ നടപടികൾ അവലോകനം ചെയ്യുന്നതിന് സംസ്ഥാന പോലീസ് ഡയറക്ടർ ജനറൽ ഉയർന്ന റെയിൽവേ ഉദ്യോഗസ്ഥന്മാരുടെയും റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ്, കേരളാ പോലീസ് ഉദ്യോഗസ്ഥന്മാരും ഉൾപ്പെട്ട ഉന്നതതല യോഗം 09.07.10 ന് പോലീസ് ആസ്ഥാനത്ത് വച്ച് നടത്തുകയുണ്ടായി.

പോലീസ് ഡയറക്ടർ ജനറൽ ശ്രീ. ജേക്കബ് പുന്നൂസിന് പുറമെ തിരുവനന്തപുരം ഡിവിഷണൽ റെയിൽവേ മാനേജർ, ആർ. ഡി ശർമ്മ, പാലക്കാട് ഡിവിഷണൽ റെയിൽവേ മാനേജർ എസ്. കെ. റെയ്ന, ഇന്റലിജൻസ് മേധാവിയും അഡീഷണൽ ഡി.ജി.പി യുമായ ഡോക്ടർ. സിബി മാത്യൂസ് എന്നിവർ ഉൾപ്പെടെ ഉയർന്ന ഉദ്യോഗസ്ഥരാണ് യോഗത്തിൽ പങ്കെടുത്തത്. കേരളത്തിൽ റെയിൽവേ സ്റ്റേഷനുകളുടെയും ട്രെയിനുകളുടെയും റെയിൽ പാതകളുടെയും സുരക്ഷാ സംവിധാനം യോഗം വിലയിരുത്തുകയും സുരക്ഷാ നടപടികൾ കൂടുതൽ ശക്തമാക്കുന്നതിന് തീരുമാനം എടുക്കുകയുണ്ടായി. താഴെ പറയുന്ന നടപടികൾ ഉടനടി നടപ്പിലാക്കുന്നതാണ്.

1. ട്രെയിൻ യാത്രക്കാരുടെ ബാഗുകളും മറ്റും തിരിച്ചറിയുന്നതിനായുള്ള പരിശോധനകൾ നടത്തുന്നതാണ്.
2. റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ് സ്ഫോടക വസ്തുക്കൾ കണ്ടുപിടിക്കുന്നതിനായുള്ള നിരന്തര പരിശോധനകൾ സ്നിഫർ ഡോഗിന്റെ സഹായത്താൽ നടത്തുന്നതാണ്.
3. സംസ്ഥാന പോലീസിന്റെ ബോംബ് ഡിറ്റക്ഷൻ ആന്റ് ഡിസ്പോസൽ സ്ക്വാഡ് വിഭാഗം ട്രെയിനുകളുടെയും അനുബന്ധ സ്ഥാപനങ്ങളുടെയും പരിശോധന കൂടുതൽ തവണ ആവർത്തിച്ച് നടപ്പിലാക്കുന്നതാണ്.
4. റെയിൽവേ പോലീസ് നടപ്പിലാക്കിയിട്ടുള്ള 'റെയിൽ അലർട്ട് 'സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. പൊതുജനങ്ങൾക്ക് 9846200100 എന്ന നമ്പരിൽ വിളിച്ച് പരാതികളും മറ്റ് അറിയിപ്പുകളും നൽകാവുന്നതാണ്.
5. സംശയകരമായ സാഹചര്യത്തിൽ കാണപ്പെടുന്ന വ്യക്തികളെയോ സാധനങ്ങളെയോ കുറിച്ച് ഉടനടി റെയിൽവേ കൺട്രോൾ റൂമിൽ അറിയിക്കുന്നതിന് സൗജന്യമായി വിളിക്കാവുന്ന നമ്പരുകൾ റെയിൽവേ ഏർപ്പെടുത്തുന്നതും ഈ നമ്പരുകൾ പരസ്യപ്പെടുത്തുന്നതുമാണ്.
6. റെയിൽവേ യാർഡുകളിൽ മതിയായ വെളിച്ചം ലഭിക്കത്തക്ക സംവിധാനം ഏർപ്പെടുന്നതും യാർഡുകളുടെ സുരക്ഷ റെയിൽവേ സുരക്ഷാ സേന ശക്തിപ്പെടുത്തുന്നതുമാണ്.
7. റെയിൽവേ സുരക്ഷാ സംവിധാനങ്ങൾ അവലോകനം ചെയ്യുന്നതിന് ഡി. ജി. പി യുടെ അദ്ധ്യക്ഷതയിൽ ത്രൈമാസിക അവലോകന യോഗം ചേരുന്നതിന് തീരുമാനം എടുത്തിട്ടുണ്ട്.

പോലീസ് ഡയറക്ടർ ജനറലിനു വേണ്ടി.

The contents of this document may be deemed to be based on received information which is subject to further verification